കേരള സർക്കാർ

# മഞ്ഞള്ളൂർ ഗ്രാമപഞ്ചായത്ത്
# ഓഡിറ്റ് റിപ്പോർട്ട്
# 2016-17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
website : www.ksad.kerala.gov.in
e-mail : doekm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.-ഇകെഎം(പി.8) 982/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
സിവിൽ സ്റ്റേഷൻ, കാക്കനാട് – 682030
ഫോൺ : 0484 – 2422271
ഇ-മെയിൽ:doekm.ksad@kerala.gov.in

തീയതി :15.06.2017

ജോയിന്റ് ഡയറക്ടർ
പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മഞ്ഞളളൂർ ഗ്രാമ പഞ്ചായത്ത്.

സർ,

വിഷയം :മഞ്ഞളളൂർ ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് – സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മഞ്ഞളളൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലേയ്ക്കും ഭാഗം 3ലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :
1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ,തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.-ഇകെഎം(പി.8) 982/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
സിവിൽ സ്റ്റേഷൻ, കാക്കനാട് – 682030
ഫോൺ : 0484 – 2422271
ഇ-മെയിൽ :doekm.ksad@kerala.gov.in
തീയതി :15.06.2017

## മഞ്ഞള്ളൂർ ഗ്രാമപ്പഞ്ചായത്ത് ഓഡിറ്റ് റിപ്പോർട്ട് 2016-17

(1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 215(4) - വകുപ്പ്, 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 13-ാം വകുപ്പ്, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

### ഓഡിറ്റിന് വിധേയമാക്കിയ കണക്കുകൾ

മഞ്ഞള്ളൂർ ഗ്രാമപ്പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ വരവു ചെലവു കണക്കുകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി അനുവദിച്ചു കിട്ടിയ പദ്ധതി വിഹിതം, മെയിന്റനൻസ് ഗ്രാന്റ്, കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം, സംസ്ഥാനാവിഷ്കൃത പദ്ധതി വിഹിതം, മറ്റു ഏജൻസികളിൽ നിന്നുള്ള ധനസഹായം, വിവിധ വകുപ്പുകളിലൂടെ ലഭ്യമായ അംശദാനങ്ങൾ എന്നിവയും പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി.

ഗ്രാമപ്പഞ്ചായത്ത് 22.01.2017മുതൽ 29.05.2017വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 12 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ലഭ്യമായ മറുപടി പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവും ഉണ്ടായിരിക്കുന്നതല്ല.

| | | |
|---|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും | : | ശ്രീ.ജയപ്രകാശ് പി.<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | | |
| 2016-17 | : | |

.ഓഡിറ്റ് നടത്തിയതിന്റെ വിവരം

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേര് വിവരം |
|---|---|
| 29.05.2017 മുതൽ | ശ്രീ. ജിനിൽ റോയ്, |

| | |
|---|---|
| 03.06..2017 വരെ | ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.ജലജ.എം.കെ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ. സി.എം.റഷീദ്,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ.വിജു എം.എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ |

നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.ജോസ് പെരുമ്പിള്ളിക്കുന്നേൽ | 01.04.2016മുതൽ 31.03.2017വരെ |
| സെക്രട്ടറി | ശ്രീ..പി.എം.മുഹമ്മദ് | 01.04.2016മുതൽ 31.03.2017വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസി.സെക്രട്ടറി | ശ്രീമതി. എസ്.ശ്രീകല | 01.04.2016മുതൽ 22.12.2016വരെ |
| അസി.സെക്രട്ടറി | ശ്രീമതി.എം.ആർ.ഷീജ | 23.12.2016 മുതൽ 31.03.2017 വരെ |
| കൃഷി ഓഫീസർ | ശ്രീമതി. കെ.പി സെലീനാമ്മ | 01.04.2016മുതൽ 31.03.2017വരെ |
| വെറ്ററിനറി സർജൻ | ഡോ.സന്ധ്യ.ജി.നായർ | 01.04.2016മുതൽ 05.05.2016വരെ |
| | ഡോ.ഷെമീം അബൂബക്കർ | 06.05.2016മുതൽ 08.10.2016വരെ |
| | ഡോ.സുധീർഖാൻ.കെ.ടി. | 09.10.2016മുതൽ 31.03.2017വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.രാധ.കെ.കെ | 01.04.2016മുതൽ 17.08.2016വരെ |
| | ശ്രീമതി.ബിന്ദു.ബി.എ | 18.08.2016മുതൽ 31.03.2017വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, | ശ്രീ.ബിജു.പി.ബി | 01.04.2016മുതൽ 31.03.2017വരെ |
| മെഡിക്കൻ ഓഫീസർ,അലോപ്പതി | ഡോ.ജയലക്ഷ്മി | 01.04.2016മുതൽ 30.09.2016വരെ |
| മെഡിക്കൻ ഓഫീസർ,അലോപ്പതി | ഡോ.പ്രിയ ബൽരാജ് | 01.10..2016മുതൽ 31.03.2017വരെ |
| ഡയറി ഡെവലപ്പമെന്റ്ഓഫീസർ | ശ്രീ.സുജിത്ത് രാഘവൻ | 01.04.2016മുതൽ 31.03.2017വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.മായ മാത്യു | 01.04.2016മുതൽ 31.03.2017വരെ |
| ഹെഡ് മാസ്റ്റർ | ശ്രീമതി .പി.കെ .സൂജാത | 01.04.2016മുതൽ |

| | | |
|---|---|---|
| | | 31.03.2017വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ.പി.കെ ബാലകൃഷ്ണൻ | 01.04.2016മുതൽ 13.07.2016വരെ |
| | ശ്രീ.ശരത്ത്.ബി.ജോഷി | 14.07.2016മുതൽ 31.03.2017വരെ |

റിപ്പോർട്ടിന്റെ ഉള്ളടക്കം

ഈ റിപ്പോർട്ടിൽ നാലു ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും ഓരോ ഭാഗത്തിലും താഴെകൊടുത്തിരിക്കുന്ന വിവരങ്ങൾ ചേർത്തിട്ടുള്ളതുമാണ്.

ഭാഗം 1: പൊതു അവലോകനം

ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പൊതുവായ വിവരങ്ങളുടെ അവലോകനവും നിർദ്ദേശങ്ങളും.

ഭാഗം 2: വരവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

രസീതു പരിശോധനയിലും പഞ്ചായത്തിന്റെ വരവ് ഇനങ്ങളുടെ ഓഡിറ്റിലും കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

ഭാഗം 3: ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

പഞ്ചായത്തിന്റെ ചെലവ് കണക്കുകളുടെ ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ , മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

ഭാഗം 4: ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും

സാമ്പത്തിക നില, ഓഡിറ്റ് പ്രത്യവലോകനം എന്നിവ

സൂചിക


| ക്രമ നം | വിഷയം | ഖണ്ഡിക നമ്പർ |
|---|---|---|
| ഭാഗം 1 | | |
| 1. | ബജറ്റ് | 1-1 |
| 2. | വാർഷിക ധനകാര്യപത്രിക | 1-2 |
| 3. | വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിന്റെ വിവരം. | 1-3 |
| 4. | സാമ്പത്തിക വിശകലനം | 1-4 |
| 5. | ഫണ്ട് വിനിയോഗം | 1-5 |
| 6. | പദ്ധതി അവലോകനം | 1-6 |
| 7. | തനത് വരുമാനം | 1-7 |
| 8. | ക്ഷേമപദ്ധതികൾ | 1-8 |
| 9. | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10. | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11. | ആഭ്യന്തര നിയന്ത്രണം | 1-11 |
| 12 | ഓഡിറ്റ് ഇംപാക്റ്റ് | 1.12 |
| ഭാഗം 2 | | |
| 13. | ഡി.& ഒ ലൈസൻസ് ഫീയിനത്തിൽ 2000 രൂപ നഷ്ടം | 2-1 |
| 14. | തൊഴിൽ നികുതി ഈടാക്കിയതിൽ 7150 രൂപ നഷ്ടം. | 2-2 |

| | | |
|---|---|---|
| 15 | വികസന പെർമിറ്റ് നൽകിയില്ല -2025 രൂപ നഷ്ടം | 2-3 |
| ഭാഗം 3 | | |
| 16. | ഹോമിയോ മരുന്ന് സമയബന്ധിതമായി ലഭ്യമാക്കുന്നില്ല | 3-1 |
| 17 | പാലിയേറ്റീവ് കെയർ- ഡ്രൈവറിന് അധിക തുക അനുവദിച്ചു. | 3-2 |
| 18 | പഠനയാത്ര – വിശദ വിവരം ലഭ്യമാക്കിയില്ല- 10000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 3-3 |
| 19 | സെപ്റ്റിക് ടാങ്ക് നിർമ്മാണം വിശദവിവരം ലഭ്യമായില്ല- 63500 രൂപ ചെലവ് തടസ്സം | 3-4 |
| 20 | തുക ചെലവായി , പദ്ധതി നടപ്പാക്കിയില്ല | 3-5 |
| 21 | കൈപ്പറ്റ് രസീത് ഫയലിൽ സൂക്ഷിച്ചിട്ടില്ല | 3-6 |
| | ഭാഗം 4 | |
| 22 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 23 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 24 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 25 | സ്ഥിരനിക്ഷേപങ്ങൾ | 4-4 |
| 26 | ഓഡിറ്റ് റിക്കവറി | 4-5 |
| 27 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകൾ | 4-6 |
| 28 | ഓഡിറ്റ് പ്രത്യവലോകനം | 4-7 |
| 29 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-8 |
| 30 | അനുബന്ധം : 2016-17വർഷത്തെ റെസീറ്റ് ആന്റ് പേയ്മെന്റ്, ഇൻകം ആന്റ് എക്സ്പെൻഡിച്ചർ, ബാലൻസ് ഷീറ്റ് എന്നിവയുടെ സംക്ഷിപ്തം | |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17വർഷത്തെ ബജറ്റ് 24.02.2016 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരവും അംഗീകരിച്ചു. ബജറ്റ് പ്രകാരവും യഥാർത്ഥത്തിലുള്ളതുമായ വരവ് ചെലവ് കണക്കിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥ തുക | വ്യത്യാസം | |
|---|---|---|---|---|
| | | | കൂടുതൽ | കുറവ് |
| നീക്കിയിരിപ്പ് | 8725782 | 7097006 | 0 | 1628776 |
| വരവ് | 74876000 | 37482759 | | 37393241 |

| | | | | |
|---|---|---|---|---|
| ആകെ | 83601782 | 44579765 | | 39022017 |
| ചെലവ് | 76163350 | 35385967 | 0 | 40777383 |
| നീക്കിയിരിപ്പ് | 7438432 | 9193798 | 1755366 | 0 |

ബജറ്റ് യാഥാർത്ഥ്യബോധത്തോടെ തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 ധനകാര്യപത്രിക

| വർഷം | ധനകാര്യപത്രിക ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2016-17 | 31.07.2015 | 24.05.2017 |

## 1-3 വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷൻ കണക്കുകൾ പരിശോധിച്ച തീയതി | റിമാർക്ക്സ് |
|---|---|---|
| 2016-17 | 31.05.2017 | അക്കൗണ്ട്സ് പരിശോധിച്ചതിൽ ന്യൂനത കണ്ടെത്തിയില്ല. |

.

## 1-4 സാമ്പത്തിക വിശകലനം

| ഇനം | 2016-17 |
|---|---|
| മുന്നിരിപ്പ് | 7097006 |
| വരവ് | 37482759 |
| ആകെ | 44579765 |
| ചെലവ് | 35385967 |
| നീക്കിയിരിപ്പ് | 9193798 |

## 1-5 ഫണ്ട് വിനിയോഗം(വാർഷിക ധനകാര്യപത്രിക പ്രകാരം)

| ഫണ്ടിനം | വർഷം | മുൻബാക്കി | വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് | ചെലവ് % |
|---|---|---|---|---|---|---|---|
| വികസന ഫണ്ട് പൊതുവിഭാഗം | 2016-17 | 00 | 6752840 | 6752840 | 6752840 | 0 | 100 |
| വികസന ഫണ്ട് എസ്.സി.പി | 2016-17 | 00 | 2229955 | 2229955 | 2229955 | 0 | 100 |
| വികസന ഫണ്ട് ടി.എസ്,പി | 2016-17 | 00 | 87405 | 87405 | 87405 | 0 | 100 |
| സംരക്ഷണ ഗ്രാന്റ് റോഡ് | 2016-17 | 00 | 3064838 | 3064838 | 3064838 | 0 | 100 |
| സംരക്ഷണ ഗ്രാന്റ് റോഡിതരം | 2016-17 | 00 | 1253536 | 1253536 | 1253536 | 0 | 100 |
| പതിമൂന്നാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 2016-17 | 0 | 4022427 | 4022427 | 4022427 | 0 | 100 |

| | | | | | | | |
|---|---|---|---|---|---|---|---|
| പെർഫോർമസ് ഗ്രാന്റ് (ലോകബാങ്ക്) | 2016-17 | 00 | 115748 | 115748 | 115748 | 0 | 100 |
| എം.എൻ.ആർ.ജി.ഇ.എസ് | 2016-17 | 347 | 12031961 | 12032308 | 12031860 | 448 | 99.99 |
| ബി ഫണ്ട് | 2016-17 | 00 | 14429160 | 14429160 | 14429160 | 0 | 100 |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷങ്ങളിൽ അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 2016-17 | 143 | 99 | 43 | 1 | 69 |

ദി അനുവദിക്കുന്ന പ്രോജക്ടുകൾ സമയബന്ധിതമായി പൂർത്തികരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

.

നിർബന്ധിത വകയിരുത്തലുകളും ചെലവും

| പദ്ധതി | വർഷം | പ്രോജക്ടുകളുടെ എണ്ണം | വകയിരുത്തൽ | ചെലവ് |
|---|---|---|---|---|
| വനിതാ ഘടക പദ്ധതി | 2016-17 | 3 | 2315835 | 1449864 |
| വൃദ്ധർ, ഭിന്നശേഷിയുള്ളവർ, കുട്ടികൾ | 2016-17 | 7 | 1642755 | 1600968 |
| പാലിയേറ്റിവ് കെയർ | 2016-17 | 1 | 524150 | 482366 |
| ഖരമാലിന്യ നിർമ്മാർജ്ജനം | 2016-17 | 0 | 0 | 0 |
| ആശ്രയ പദ്ധതി | 2016-17 | 1 | 100000 | 100000 |

ഓഡിറ്റ് വർഷത്തിൽ ആശ്രയ പദ്ധതി അവഗണിക്കപ്പെട്ടത് ശ്രദ്ധയിൽപ്പെടുത്തുന്നു.

# 1-7 തനത് വരുമാനം

സ്ഥാപനത്തിന് ഓഡിറ്റ് വർഷത്തിൽ തനതു വരുമാനമായി ലഭിച്ച വരുമാനത്തിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 4457520 | 6168519 | 1710999 | (+)13.2 |
| നികുതിയേതര വരവുകൾ | 1865638 | 2246597 | 380959 | (+)24.04 |
| മറ്റ് വരവുകൾ | 96962 | 74280 | 22682 | (-)53.86 |
| ആകെ | 6420120 | 8489396 | 2114640 | (-)24 |

കഴിഞ്ഞ സാമ്പത്തിക വർഷത്തേക്കാൾ 2016-17 സാമ്പത്തിക വർഷം നികുതി, നികുതിയേതര വരവിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

## 1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | വർഷം | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 2016-17 | 169 | 1564200 |
| വിധവാപെൻഷൻ | 2016-17 | 460 | 4150940 |
| വാർദ്ധക്യകാലപെൻഷൻ | 2016-17 | 589 | 7162500 |
| വികലാംഗപെൻഷൻ | 2016-17 | 127 | 1165800 |
| 50വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 2016-17 | 23 | 199200 |
| തൊഴിൽ രഹിത വേതനം | 2016-17 | 25 | 35520 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 02.06.2017ൽ 3.15PM ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ, നീക്കിയിരിപ്പ് തുകയായ 23209/- രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 11.05.2017മുതൽ 12.05.2017വരെ | 04/2017 | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 23.04.2003 മുതൽ 09.05.2003വരെ | 1997-98മുതൽ 2001-02വരെ | 31.07.2003 |

## 1-11 ആഭ്യന്തര നിയന്ത്രണം

പഞ്ചായത്തിലെ ദൈനംദിന പ്രവർത്തനങ്ങൾ പൊതുവേ തൃപ്തികരമാണ്. ഡെപ്പോസിറ്റ് തുകകൾ രജിസ്റ്ററിൽ ക്രമപ്പെടുത്തുന്നത് എല്ലാം സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയോ പരിശോധയ്ക്ക് വിധേയമാക്കുകയോ ചെയ്തിട്ടില്ല. ഫ്രണ്ട് ഓഫീസ് ഒന്നാംനിലയിൽ പ്രവർത്തിക്കുന്നതിനാൽ പ്രായമായവർക്ക് എത്തിച്ചേരുന്നതിന് ബുദ്ധിമുട്ട് ഉണ്ടാക്കുന്നുണ്ട്.

## 1-12 ഓഡിറ്റ് ഇംപാക്റ്റ്

a)തൊഴിൽ നികുതി കുറവ് വന്ന 1500 രൂപ അടച്ചു.

പുളിമൂട്ടിൽ ഫുഡ്സ്ആന്റ് ബീവറേജസ് എന്ന സ്ഥാപനത്തിന്റെ രണ്ടാം അർദ്ധ വർഷത്തെ തൊഴിൽ നികുതി അടവാക്കാത്തത് സംബന്ധിച്ച് 30.05.2017 ഓഡിറ്റ് എൻക്വയറി(നം:7) നൽകിയതിന്റെ അടിസ്ഥാനത്തിൽ 01.06.2017 ലെ 117010100730 നം രസീത് പ്രകാരം തൊഴിൽ നികുതിയായ 1500 രൂപ അടച്ചു.
b)വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നടപ്പാക്കിയ പൈപ്പ് കമ്പോസ്റ്റ് (പ്രോജക്ട് S0014/17) പദ്ധതിയിൽ10.03.2017- ൽ ഗുണഭോക്തൃ വിഹിതം പഞ്ചായത്തിൽ അടച്ചതിൽ വന്ന കുറവ് 100/- രൂപ ഓഡിറ്റിൽ ചൂണ്ടിക്കാണിക്കുകയും ടി- തുക

03.06.2017- ന് രശീതി നം.117010100754 പ്രകാരം അടവാക്കുകയും ചെയ്തിട്ടുണ്ട്.

.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഡി.& ഒ ലൈസൻസ് ഫീയിനത്തിൽ 2000 രൂപ നഷ്ടം

ഡി.& ഒ ലൈസൻസുമായി ബന്ധപ്പെട്ടുള്ള പരാമർശങ്ങൾ ചുവടെ ചേർക്കുന്നു

| മേൽവിലാസം | തരം | കെട്ടിട നം. | ലൈസൻസ് നം. | അപാകം |
|---|---|---|---|---|
| രാജീവ് ജോസഫ്, കുന്നംകുളത്തിൽ, വാഴക്കുളം .പി.ഒ | ഫർണ്ണിച്ചർ | 1/911 | A3-2083/16(21) തീ. 26.04.2016 | ഫോറസ്റ്റ് എൻ.ഒ.സി ഇല്ല |
| ബിജി കുര്യാക്കോസ് വള്ളോംകുഴിയിൽ, ജയന്തി റോഡ്, കൂത്താട്ടുകുളം | ഫർണ്ണിച്ചർ | 1/376 | A3-2083/16(21) തീ. 26.04.2016 | ഫോറസ്റ്റ് എൻ.ഒ.സി ഇല്ല |
| ജെറ്റ് ലി ജോൺസൺ, തോട്ടത്തിൽ, വെള്ളൂർക്കുന്നം | പെയിന്റ് ഐറ്റം സ്റ്റോക്ക് ചെയ്യുന്നതിന് | VIII/263A | A3-2083/16(21) തീ. 26.04.2016 | ഫയർ എൻ.ഒ.സി ഇല്ല |
| മാത്യു ജോർജ്. മൈലാപ്പൂർ ഒളമറ്റം | ഹാർഡ് വെയർ ഷോപ്പ് | XI/42A,B,D, E,F,G,H,I | A3-2083/16(21) തീ. 26.04.2016 | 11601100144 13.04.2016 |

ശ്രീ മാത്യുജോർജിന്റെ സ്ഥാപനത്തിലെ ഒരു ദിവസത്തെ വിറ്റുവരവ് 2 ലക്ഷമാണ്. ഒരു ലക്ഷത്തിന് മുകളിലാണെങ്കിൽ 4000/- ലൈസൻസ് ഫീസായി ഈടാക്കേണ്ടതാണ്. 2000/-രൂപ മാത്രമാണ് ഇദ്ദേഹത്തിൽ നിന്ന് ഈടാക്കിയിട്ടുള്ളത്.മേൽ വസ്തുതകൾ ചൂണ്ടിക്കാട്ടി 31.05.2017 ൽ 5ാം നമ്പർ അന്വേഷണക്കുറിപ്പ് നല്കിയെങ്കിലും പി.ബി.ഷെമീർഖാൻ ,പൊട്ടേക്കണ്ടത്തിൽ, മൂവാറ്റുപുഴ എന്ന വ്യക്തിയിൽ നിന്നുള്ള ഫോറസ്റ്റ് എൻ.ഒ.സി മാത്രമേ ഓഡിറ്റിന് ഹാജരാക്കിയുള്ളൂ. ആയതിനാൽ മറ്റു സക്ഷ്യപത്രങ്ങൾ ഹാജരാക്കുന്നത് വരെ പരാമർശം നിലനിർത്തുന്നു.നഷ്ടം സംഭവിച്ച 2000/-രൂപ ബന്ധപ്പെട്ട വ്യക്തിയ്ൽ നിന്നോ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്

## 2-2 തൊഴിൽ നികുതി ഈടാക്കിയതിൽ 7150 രൂപ നഷ്ടം.

തൊഴിൽ നികുതി അടാക്കാതിരുന്നതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | കാലയളവ് | തുക | രസീത് നം | തീയതി |
|---|---|---|---|---|---|
| 1 | എൻ.എൻ.എസ്.എൽ.പി സ്കൂൾ,കാപ്പു | ഒന്നാം അർദ്ധ വർഷം | 6250 | 11601102032 | 06.10.2016 |
| 2 | പോപ്പുലർ മെഗാ മോട്ടേഴ്സ് , മടക്കത്താനം | ഒന്നാം അർദ്ധ വർഷം | 900 | 11601101565 | 26.08.2016 |
| ആകെ | *7150* | | | | |

സ്ഥാപനങ്ങൾ ആദ്യഅർദ്ധ വർഷത്തെ തൊഴിൽ നികുതി അടച്ചിട്ടുണ്ടെങ്കിലും രണ്ടാമത്തെ അർദ്ധ

വർഷത്തെ തൊഴിൽ നികുതി അടച്ചിട്ടില്ല. 7150 രൂപ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

## 2-3 വികസന പെർമിറ്റ് നൽകിയില്ല -2025 രൂപ നഷ്ടം

വികസന പെർമിറ്റ് നൽകാതെ കെട്ടിട പെർമിറ്റ് നൽകിയതിനാൽ പഞ്ചായത്തിന് 2025 രൂപയുടെ നഷ്ടം സംഭവിച്ചു.

ശ്രീ. ജോസ് തോമസ്, കരവട്ടെ മാളിയേക്കൽ എന്നയാൾക്ക് 710 $m^2$ വിസ്തീർണ്ണമുള്ള കൊമേഴ്സ്യൽ കെട്ടിടം പണിയുന്നതിന് 22.12.2015 ൽ എ5 – 5648/15 പ്രകാരം ബിൽഡിംഗ് പെർമിറ്റ് നൽകി.കെട്ടിടം നിർമ്മിക്കുന്നതിന് മണ്ണ് മാറ്റേണ്ടതുള്ളതിനാൽ ഡെവലപ്പ്മെന്റ് പെർമിറ്റിന് ടിയാൻ പഞ്ചായത്തിൽ അപേക്ഷ നൽകി. വിശദ വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| അപേക്ഷ തീയതി | 9.11.2016 |
| സ്ഥല വിസ്തീർണ്ണം | 1 ഏക്കർ 81 സെന്റ്<br>കാക്കനാട് വില്ലേജ് 544/4, 5 |
| സർവ്വെ നം | 38/10<br>മഞ്ഞള്ളൂർ വില്ലേജ് |

അപേക്ഷയുടെ അടിസ്ഥാനത്തിൽ നീക്കം ചെയ്യേണ്ട മണ്ണിന്റെ അളവ് കണ്ടെത്തുന്നതിന് അസിസ്റ്റന്റ് എഞ്ചിനീയർ എൽ എസ് ജി ഡി യോട് ആവശ്യപ്പെടുകയും നീക്കം ചെയ്യേണ്ട മണ്ണ് 1040 $m^3$ ൽ അധികം ആയിരിക്കുമെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ റിപ്പോർട്ട് നൽകുകയും ചെയ്തു.കേരള പഞ്ചായത്ത് രാജ് കെട്ടിടനിർമ്മാണ ചട്ടങ്ങൾ 2011ലെ ചട്ടം 4 (1) പ്രകാരം കെട്ടിട നിർമ്മാണത്തിന് ഭൂമി വികസിപ്പിക്കുന്നതിന് സെക്രട്ടറിയുടെ മുൻകൂർ അനുമതി ആവശ്യമാണ്. ഭൂമി വികസനത്തിന് ചട്ടം 5 പ്രകാരം ഉടമ അപേക്ഷ സമർപ്പിക്കേണ്ടതും ആയത് പരിഗണിച്ച് പട്ടിക II പ്രകാരമുള്ള ഫീസ് ഈടാക്കി ചട്ടം 7 പ്രകാരം വികസന പെർമിറ്റ് നൽകണം. ഇക്കാര്യങ്ങൾ ഉൾപ്പെടുത്തി 30.05.2017 ന് നൽകിയ 3-ാം നംപർ ഓഡിറ്റ് എൻക്വയറിക്ക് നൽകിയ A3.2686/17/31.5.2017 നം മറുപടിയിൽ ഉടമ 8.1 ആർ സ്ഥലമാണ് വികസിപ്പിക്കുന്നതെന്നും ആയതിന്റെ ഫീസ് ഈടാക്കി അടവാക്കുന്നതാണെന്നും അറിയിച്ചു. 2025 രൂപ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഹോമിയോ മരുന്ന് സമയബന്ധിതമായി ലഭ്യമാക്കുന്നില്ല

എസ് 0038/17 പ്രോജക്ട് പ്രകാരം ഹോമിയോ മരുന്ന് വാങ്ങുന്നതിനായി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, കൈച്ചുണ്ടി ബ്രാഞ്ച് വഴി 19.01.2017 ൽ ആലപ്പുഴ ഹോംകോ, എം.ഡി യുടെ പേരിൽ 50000/- രൂപയുടെ ഫണ്ട് ട്രാൻസ്ഫർ ചെയ്തിട്ടുള്ളതാണ്. 01.02.2017ൽ തുക ലഭിച്ചതിന്റെ രസീത് നം 2529 പ്രസ്തുത സ്ഥാപനം ലഭ്യമാക്കിയിട്ടുള്ളതാണ്.എന്നാൽ മരുന്ന് ഇതേവരെ ആശുപത്രിക്ക് ലഭ്യമാക്കിയിട്ടില്ല. മരുന്ന് ലഭ്യമാക്കുവാനുള്ള നടപടികൾ അടിയന്തരമായി സ്വീകരിക്കേണ്ടതാണ്.

## 3-2 പാലിയേറ്റീവ് കെയർ- ഡ്രൈവറിന് അധിക തുക അനുവദിച്ചു

| | |
|---|---|
| പ്രോജക്ട് നം | S0027/17 , പാലിയേറ്റീവ് കെയർ |
| ബില്ല് നം. തീയതി | 01/2016-17, തീ 28.10.2016, 03/2016-17.<br>തീ 24.01.2017 |
| ചെക്ക് നം. തീയതി | 634779 തീ.28.10.2016<br>635310,തീ.01.12.2016, |

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ.ഡോ. പ്രിയ ബാൽരാജ്. |

മഞ്ഞള്ളൂർ പ്രാഥമികാരോഗ്യ കേന്ദ്രം, മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തുന്ന കിടപ്പിലായ രോഗികൾക്ക് വീട്ടിൽ ചെന്നുള്ള പരിചരണം എന്നപേരിലുള്ള മഞ്ഞള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 വാർഷിക പദ്ധതിയുടെ ഭാഗമായി നടത്തുന്ന ഹോം കെയർ ടീമിന് സഞ്ചരിക്കുവാനും സാധനസാമഗ്രികൾ കൊണ്ടു പോകാനുമുള്ള അംഗീകൃത ലൈസൻസും വാഹനവുമുള്ള വ്യക്തികളിൽ നിന്നും ക്വട്ടേഷൻ ക്ഷണിച്ചിരുന്നു.45 കി.മീ ദൂരപരിധി കഴിഞ്ഞ് ഓടിയാൽ മാത്രമേ പ്രതിദിനം വാടകയിനത്തിൽ 1100/-രൂപ അനുവദിക്കുകയുള്ളൂ എന്ന് ക്വട്ടേഷനിൽ വ്യക്തമാക്കിയിരുന്നു.(45കി.മീ താഴെ ആണെങ്കിൽ 1000/-രൂപ) ആയതനുസരിച്ച് ക്വട്ടേഷൻ സമർപ്പിച്ച ശ്രീ.ടോമി പോൾ, ചക്കച്ചാൽ, കടവൂർ-എന്ന വ്യക്തിക്ക് ഈ പ്രവൃത്തി 2016 മാർച്ച് 29 ന് അനുവദിച്ച് നല്കുകയും ചെയ്തു. എന്നാൽ ക്വട്ടേഷനിൽ പറഞ്ഞിരുന്ന നിബന്ധനകൾക്ക് വിരുദ്ധമായി 45 കി.മി ദൂരപരിധി കഴിയാതെ തന്നെ മെഡിക്കൽ ഓഫീസർ ഓരോ യാത്രയ്ക്കും 1100 രൂപ വീതം അനുവദിച്ചിട്ടുണ്ട്. 4900/- രൂപ ഇപ്രകാരം അധികമായി അനുവദിച്ചിട്ടുണ്ട്. ആയതിന് വിശദീകരണം ആവശ്യപ്പെട്ട് കൊണ്ട് 02.06.2017 ൽ അന്വേഷണക്കുറിപ്പ് 9 നല്കിയെങ്കിലും മറുപടി നല്കിയില്ല. ആയതിനാൽ അധികമായി നല്കിയ 4900/- രൂപ ബന്ധപ്പെട്ട ഡ്രൈവറിൽ നിന്നോ ,ഉദ്യോഗസ്ഥയിൽ നിന്നോ ഈടാക്കി ബന്ധപ്പെട്ട ഹെഡ്ഡിൽ അടയ്ക്കുന്നത് വരേയോ വ്യക്തമായ കാരണം കാണിക്കുയോ ചെയ്യുന്നത് വരെ പ്രസ്തുത പ്രോജക്ടിനായി ചെലവഴിച്ച തുക തടസ്സപ്പെടുത്തുന്നു.

## 3-3 പഠനയാത്ര – വിശദ വിവരം ലഭ്യമാക്കിയില്ല- 10000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ബാലസഭാ പ്രവർത്തനങ്ങളുടെ ഭാഗമായി 26.03.2017 ൽ ഫോർട്ടുകൊച്ചിയിലേക്ക് ഒരു പഠനയാത്ര സംഘടിപ്പിച്ചു. എന്നാൽ ആയതിന്റെ മുഴുവൻ രേഖകളും ഫയലിൽ സൂക്ഷിച്ചിട്ടില്ല.പ്രൊജക്ടിന്റെ വിശദ വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ബാലസഭ പഠനയാത്ര |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| പ്രോജക്ട് നമ്പർ | S0020/17 |
| ചെലവ് തുക/ ഫണ്ടിനം | 10000/- ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| ട്രഷറി ബിൽ നം | 13/17/30.03.2017 (കുടുമ്പശ്രീയുടെ 10601010660 സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തു) |

ചെലവിന്റെ വിവരം താഴെ പറയും പ്രകാരമാണ്.

| ക്രമ നം | ഇനം | സ്ഥാപനം | തുക | ബിൽ നം |
|---|---|---|---|---|
| 1 | പഠന യാത്ര | യാത്രാ ട്രാവൽസ് | 8000 | നമ്പർ ഇല്ല തീയതി 26.03.2017 |
| 2 | ഭക്ഷണ വിതരണം | മറിയ കുടുംബശ്രീ, മഞ്ഞള്ളൂർ | 4400 (ലിമിറ്റഡ് റ്റു 2000) | നമ്പർ ഇല്ല തീയതി 26.03.2017 |

സബ്സിഡി മാർഗ്ഗ രേഖയായ ജി ഒ ( എം എസ് ) 4/2016/11.01.2016 ത സ്വ ഭ വയുടെ ഖണ്ഡിക 7.7 പ്രകാരം പഠനയാത്രകൾക്ക് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. ബാലസഭയുടെ ഭാഗമായി പഠനയാത്ര നടത്തിയത് സംബന്ധിച്ച് വിശദീകരണം നൽകേണമെന്നും പഠനയാത്ര സംബന്ധിച്ച വിശദവിവരങ്ങൾ ഫയലിൽ ലഭ്യമല്ലാത്തതിനാൽ (യാത്ര നടത്തിയ ബാലസഭ അംഗങ്ങളുടെ വിവരം മുതലായവ) ആയത്

ലഭ്യമാക്കണമെന്നാവശ്യപ്പെട്ടും 30.5.2017 ൽ ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ചെലവ് സാധൂകരിക്കുന്ന രേഖകൾ ലഭ്യമല്ലാത്തതിനാൽ 10000 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസപ്പെടുത്തുന്നു.

## 3-4 സെപ്റ്റിക് ടാങ്ക് സ്ഥാപിക്കൽ വിശദവിവരം ലഭ്യമാക്കിയില്ല- 63500 രൂപ ചെലവ് തടസ്സം

കുടുംബശ്രീ കൗൺസിൽ ഹാൾ നിർമ്മാണം എന്ന പ്രൊജക്ടിന്റെ ഭാഗമായി പുതിയ പി വി സി സെപ്റ്റിക് ടാങ്ക് വെക്കുന്നതിന് തുക ചെലവഴിച്ചിട്ടുണ്ട് എന്നാൽ പുതിയ സെപ്റ്റിക് ടാങ്ക് വെച്ചതായി പ്രാദേശിക പരിശോധനയിൽ ബോധ്യമാകാത്തതിനാൽ ആയതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയില്ല.

പ്രൊജക്ടിന്റെ വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്ട് നം | SO 131/17 |
| പ്രൊജക്ടിന്റെ പേര് | കുടുംബശ്രീ കൗൺസിൽ ഹാൾ നിർമ്മാണം<br>(സ്പിൽ ഓവർ) |
| അടങ്കൽ തുക | വികസന ഫണ്ട് 1131401<br>തനത് ഫണ്ട് 32057<br>ആകെ 1163458 |
| ചെലവ് | 1109864/- |
| ബിൽ നം | 11/2016-17/13.03.2017<br>(നികുതികൾ കിഴിച്ച് 1043271) |
| കരാറുകാരൻ | മുഹമ്മദ് സാദിഖ് |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |

പുതുക്കിയ എസ്റ്റിമേറ്റിൽ ഇനം 14 E 4 ആയി ഉൾപ്പെടുത്തിയിട്ടുള്ളത് Supplying and fixing PVC Ready made septic tank including all accessories and fixing charge soak pit etc ആണ്. എം ബുക്ക് പേജ് നം 72 പ്രകാരം പ്രസ്തുത ഇനം സ്ഥാപിച്ചിട്ടുണ്ട്. 63500 രൂപയാണ് ആയതിന്റെ ചെലവ്. പ്രസ്തുത പ്രവൃത്തി സംബന്ധിച്ച് താഴെ പറയുന്ന കാര്യങ്ങൾക്ക് വിശദീകരണം നൽകണമെന്നാവശ്യപ്പെട്ട് 3.6.2017 ൽ ഓഡിറ്റ് എൻക്വയറി (നം 3) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

1) പ്രാദേശിക പരിശോധനയിൽ പഴയ ഒരു ടാങ്ക് വർക്ക് സൈറ്റിൽ ഉള്ളതായി കണ്ടു. എന്നാൽ ആയത് പഞ്ചായത്ത് ഓഫീസിലേക്ക് നിലവിൽ കണക്ഷൻ നൽകിയിട്ടുള്ളതാണ്. ഇക്കാര്യം സംബന്ധിച്ച് വിശദീകരണം നൽകണമെന്നാവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കിയില്ല.

2) എസ്റ്റിമേറ്റ്, എം ബുക്ക്, ഫയലിൽ ലഭ്യമാക്കിയ എം എസ് ട്രേഡേഴ്സിന്റെ ബിൽ എന്നിവയിൽ ടാങ്കിന്റെ കപ്പാസിറ്റി രേഖപ്പെടുത്തിയിട്ടില്ല. ടാങ്കിന്റെ കപ്പാസിറ്റിയുടെ രേഖ ലഭ്യമാക്കിയില്ല.

3) ടാങ്കിന് സമീപം ഒരു സോക്ക് പിറ്റ് ഉണ്ട്. എന്നാൽ ആയതിന്റെ കണക്ഷൻ നൽകിയത് പ്രാദേശിക പരിശോധനയിൽ കാണാൻ സാധിച്ചില്ല,ഇക്കാര്യം സംബന്ധിച്ച് വിശദീകരണം നൽകണമെന്നാവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കിയില്ല.വിശദമായ ചെലവു രേഖകളുടെ അടിസ്ഥാനത്തിൽ 63500 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-5 തുക ചെലവായി , പദ്ധതി നടപ്പാക്കിയില്ല

| | |
|---|---|
| പ്രോജക്ട് | 6 മുതൽ 12 വരെയുള്ള ക്ളാസുകളിൽ പഠിക്കുന്ന പെൺകുട്ടികൾക്ക് ഷീ പാഡ് വിതരണം |
| പ്രോജക്ട് നം. | S0057/17 |
| അടങ്കൽ | 2,00,000/- |
| ചെലവ് | 1,00,000/- |

| | |
|---|---|
| നിർവ്വഹണം | ഐ.സി.ഡി. എസ് സൂപ്പർവൈസർ |

പഞ്ചായത്തു പരിധിയിലുള്ള സെന്റ് ലിറ്റിൽ തെരേസാസ് ഹൈസ് സ്കൂൾ , ഇൻഫന്റ് ജീസസ് ഹയർ സെക്കൻഡറി സ്കൂൾ , വിമല മാതാ ഹയർ സെക്കൻഡറി സ്കൂൾ എന്നീ സ്കൂളുകളിൽ 6 മുതൽ 12 വരെയുള്ള ക്ളാസുകളിൽ പഠിക്കുന്ന പെൺകുട്ടികൾക്ക് ഷീപാഡ് വിതരണം, സ്കൂളുകളിൽ ഇൻസിനറേറ്റർ സ്ഥാപിക്കൽ എന്ന പദ്ധതിക്ക് 2,00,000/- രൂപ വകയിരുത്തിയിരുന്നു .സ.ഉ. (സാധാ.) നം.280/16 /തസ്വഭവ തിരുവനന്തപുരം. തിയതി 25.01.2016 പ്രകാരം അടങ്കൽ തുകയുടെ 50% ആയ 1,00,000/- രൂപ പദ്ധതിനടത്തിപ്പുകാരായ കേരള സംസ്ഥാന വനിത വികസന കോർപ്പറേഷനു നൽകി. (50,000/-ഡി.ഡി.നം. 635166/21.11.2016, 50,000/-ഡി.ഡി.നം. 635167/21.11.2016 )എന്നാൽ ടി പദ്ധതി നാളിതുവരെ നടപ്പാക്കിട്ടില്ല. പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നിർവ്വഹണ എജൻസിയോട് ആവശ്യപ്പെടേണ്ടതും പൂർത്തീകരണ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 3-6 കൈപ്പറ്റ് രസീത് ഫയലിൽ സൂക്ഷിച്ചിട്ടില്ല

കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോസ്ഥയായ താഴെ വിശദമാക്കിയിട്ടുള്ള ഇനങ്ങൾക്കായി നേര്യമംഗലത്തുള്ള ജില്ലാ കൃഷി ഫാമിന് നൽകിയ തുക കൈപ്പറ്റിയതിന് രേഖയില്ല.

വിശദാംശം താഴെ ചേർക്കുന്നു.

1.

| | |
|---|---|
| പ്രോജക്റ്റ് നം. | S0118/2016 |
| പ്രോജക്റ്റ് | വാഴകൃഷി വികസനം |
| ചെലവിനം | വാഴക്കണ്ണ് വാങ്ങൽ |
| അടങ്കൽ | 1,00,000/- |
| ചെലവ് | 16950/- രൂപ |
| ബിൽ നം. /തിയതി | 7/2016-17/18.02.17 |

2

| | |
|---|---|
| പ്രോജക്റ്റ് നം. | S0118/2016 |
| പ്രോജക്റ്റ് | ഫലവൃക്ഷത്തൈകൾ വിതരണം |
| ചെലവിനം | ഫലവൃക്ഷത്തൈകൾ വാങ്ങൽ |
| അടങ്കൽ | 1,00,000/- |
| ചെലവ് | 61245/-,38755/- |
| ബിൽ നം. /തിയതി | 6/2016-17/12.02.17;9/2016-17/22.03.17; |

3

| | |
|---|---|
| പ്രോജക്റ്റ് നം. | S0121/2016 |
| പ്രോജക്റ്റ് | തെങ്ങു കൃഷി വികസനം |
| ചെലവിനം | തെങ്ങിൻതൈ വാങ്ങൽ |
| അടങ്കൽ | 1,88,000/- |
| ചെലവ് | 15,800/- രൂപ |
| ബിൽ നം./തിയതി | 8/2016-17/18.02.17 |

4

| | |
|---|---|
| പ്രോജക്ട് നം. | S0150/2016 |
| പ്രോജക്ട് | വിഷരഹിത പച്ചക്കറി കൃഷി |
| ചെലവിനം | പച്ചക്കറിതൈ വാങ്ങൽ |
| അടങ്കൽ | 1,40,500/- |
| ചെലവ് | 60,560/- രൂപ |
| ബിൽ നം./തിയതി | 112/2016-17/20.03.17 |

1,93,310/- രൂപയുടെ കൈപ്പറ്റു രശീതു നേര്യമംഗലത്തുള്ള ജില്ലാ കൃഷി ഫാമിൽ നിന്ന് വാങ്ങി ഫയലിൽ സൂക്ഷിക്കേണ്ടതാണ്.

.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

സംയുക്ത പ്രോജക്ടുകൾക്കായി തൻവർഷം ലഭിച്ച തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| സി.ഡിപി.ഒ,കേന്ദ്രവിഹിതം | 2016-17 | 566919 | അങ്കണവാടി പോഷകഹാരം | 391276 | 175643 |
| ഒ.ഡി.എഫ്, കേന്ദ്രവിഹിതം | 2016-17 | 693000 | കേന്ദ്രവിഹിതം | 310000 | 383000 |
| ജില്ലാപഞ്ചായത്ത് വിഹിതം | 2016-17 | 187050 | ശാരീരീക-മാനസിക വെല്ലുവിളി നേരിടുന്നവർക്ക് പഠന സ്കോളർഷിപ്പ് | 187050 | ഇല്ല |
| കേന്ദ്രവിഹിതം | 2016-17 | 270000 | പൈപ്പ് കമ്പോസ്റ്റ് | 108000 | 162000 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 2016-17 | 77550 | ശാരീരീക-മാനസിക വെല്ലുവിളി നേരിടുന്നവർക്ക് പഠന സ്കോളർഷിപ്പ് | 77550 | ഇല്ല |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | മുൻകൂർ നൽകിയ തുക | നിർവ്വഹണ സ്ഥാപനം |
|---|---|---|---|
| എസ് | വിവിധ വാർഡുകളിൽ | 300000 | എക്സിക്യൂട്ടീവ് |

| | | | |
|---|---|---|---|
| 0113/16-17 | കുടിവെള്ള പദ്ധതി | | എഞ്ചിനീയർ.വാട്ടർ അതോറിറ്റി |
| എസ് 0113/16-17 | വിവിധ വാർഡുകളിൽ കുടിവെള്ള പദ്ധതി | 176500 | എക്സിക്യൂട്ടീവ് എഞ്ചിനീയർ.വാട്ടർ അതോറിറ്റി |
| എസ് 125/16-17 | പുത്തൻക്കാവ് റോഡിൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 60000 | എക്സിക്യൂട്ടീവ് എഞ്ചിനീയർ.വാട്ടർ അതോറിറ്റി |
| എസ് 145/16-17 | IX,X വാർഡുകളിലെ അംഗൻവാടികൾക്ക് വാട്ടർ കണക്ഷൻ | 44000 | എക്സിക്യൂട്ടീവ് എഞ്ചിനീയർ.വാട്ടർ അതോറിറ്റി |
| എസ് 25/16-17 | മണിയന്തടം-തൊട്ടിമല പൈപ്പ് ലൈൻ നീട്ടൽ | 64847 | എക്സിക്യൂട്ടീവ് എഞ്ചിനീയർ.വാട്ടർ അതോറിറ്റി |
| ആകെ | | 645347 | |

.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം

ഓഡിറ്റ് വർഷങ്ങളിൽ മരാമത്ത് പ്രവൃത്തികളുടെ മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക ഒന്നും നൽകിയിട്ടില്ല.

## 4-4 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

## 4-5 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ 2016-17വർഷം ലഭിച്ച 18500രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക നം. | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും /ഇനം | രസീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2015-16 | 2-(1) | 1250 | സജി.എം.വി. മുതിരക്കളയിൽ | 11601103625/27.01.2017 |
| 2015-16 | 2-(1) | 1250 | ബിനു.എം.എസ്,മലയിൽ | 11601103688/28.01.2017 |
| 2015-16 | 2-(1) | 1250 | മുഹമ്മദ് ഷെറീഫ് | 11601103694/28.01.2017 |
| 2015-16 | 2-(1) | 1250 | എ.എൻ.രവി,മാന്തളിരുപാറ | 11601103781/31.01.2017 |
| 2015-16 | 2-(1) | 1250 | ദീപുഇ.എസ്.എൻചാന്തോട്ടിയിൽ | 11601103929/03.02.2017 |
| 2015-16 | 2-(1) | 1250 | വിനേഷ് തോമസ്, കണ്ടംകേരി,ഒല്ലക്കര | 11601104235/13.02.2017 |
| 2015-16 | 2-(1) | 1600 | മുജീബ്.എം.ജം.യൂണിറ്റി ഗ്രാനൈറ്റ്സ് | 11601104787/06.03.2017 |
| 2015-16 | 2-(1) | 1250 | ജെറാൾഡ്പി.ബാബു. പുതുശ്ശേരിയിൽ | 11601105289/21.03.2017 |
| 2015-16 | 2-(1) | 1250 | അനിൽ ജോസഫ് പാഴപ്ലാക്കൽ | 11601105349/22.03.2017 |
| 2015-16 | 2-(1) | 1250 | പ്രേമലത.എം.പുത്തൻപുരയിൽ | 11601105360/22.03.2017 |

| | | | | |
|---|---|---|---|---|
| 2015-16 | 2-(1) | 1250 | റെജിജോൺ.പുതിയേടത്ത് | 11601105375/23.03.2017 |
| 2015-16 | 2-(1) | 1250 | വിനോദ്.കെ.ആർ | 11601105391/23.03.2017 |
| 2015-16 | 2-(1) | 1900 | ജോസഫ്, തുളമറ്റത്തിൽ | 11601105532/27.03..2017 |
| 2015-16 | 2-(1) | 1250 | സെബി കുര്യൻ കുന്നത്ത്ശ്ശേരിൽ | 11601105761/30.03..2017 |
| ആകെ 18500 | | | | |

.

## 4-6 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക നം. | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 | 13 | 2003-04 | 14 | വനിതവ്യവസായ യൂണിറ്റുകൾക്ക് ഉപകരണങ്ങൾ വിതരണം ചെയ്തത് -അധിക ചെലവ് 66130/- രൂപ | പാലക്കാട് ജില്ല കളക്ടറുടെ റവന്യൂ റിക്കവറി നടപടികൾ നടക്കുന്നു. |

## 4-7 ഓഡിറ്റ് പ്രത്യവലോകനം

| (എ) സംക്ഷിപ്ത വിവരം | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് [(മുന്നിരിപ്പ് തുക ഉൾപ്പെടെ) റസീറ്റ് &പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം)] | : | 37482759 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 35385967 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 11175 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 78400 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 2000 | | പി എം മുഹമ്മദ്, സെക്രട്ടറി |
| 2-2 | 7150 | | പി എം മുഹമ്മദ്, സെക്രട്ടറി |
| 2-3 | 2025 | | പി എം മുഹമ്മദ്, സെക്രട്ടറി |
| | 11175 | 4900 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക | തുക | ഉത്തരവാദിയായ ആളുടെ പേരും |
|---|---|---|

| നമ്പർ | | ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 4900 | പ്രിയ ബാൽരാജ്, മെഡിക്കൽ ഓഫീസർ |
| 3-3 | 10000 | എം ആർ ഷീജ, അസി:സെക്രട്ടറി |
| 3-4 | 63500 | ശരത്ത് ബി ജോഷി,അസി:എഞ്ചിനീയർ |
| | 78400 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും, ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| പി എം മുഹമ്മദ്, സെക്രട്ടറി | സെക്രട്ടറി,മഞ്ഞള്ളൂർ ഗ്രാമപഞ്ചായത്ത് | പാത്താരിമറ്റത്തിൽ,<br>പായിപ്ര,<br>മാറാടി പി ഒ,<br>മൂവാറ്റുപുഴ |
| ശരത്ത് ബി ജോഷി,അസി:എഞ്ചിനീയർ | അസി:എഞ്ചിനീയർ,മഞ്ഞള്ളൂർ ഗ്രാമപഞ്ചായത്ത് | ബ്ലായിൽ,മാട്ടൂർ,കടാടി പി ഒ, എറണാകുളം,683574 |
| എം ആർ ഷീജ, അസി:സെക്രട്ടറി | അസി:സെക്രട്ടറി,മഞ്ഞള്ളൂർ ഗ്രാമപഞ്ചായത്ത് | B-1008,നന്ദനം,സാറ്റലൈറ്റ് ടൗൺഷിപ്പ്,പടമുകൾ,കാക്കനാട് |

## **4-8** തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 2000-01 | എൽ.എഫ്.എം.(പി5)1657/01 തീയതി 26.03.2002 |
| 2001-02 | എൽ.എഫ്.എം.(പി5)1166/03 തീയതി 05.03.2003 |
| 2002-2003dcb | എൽ.എഫ്.എം.(പി5)1140/05 തീയതി 19.10.2007 |
| 2002-2003exp | എൽ.എഫ്.എം.(പി5)93/07 തീയതി 19.10.2007 |
| 2003-04 | എൽ.എഫ്.എം.(പി5)92/07 തീയതി 05.02.2008 |
| 2005-06 | എൽ.എഫ്.എം.(പി5)791/08 തീയതി 28.04.2008 |
| 2006-07 | എൽ.എഫ്.എം.(പി5)190/08 തീയതി 28.04.2008 |
| 2007-2008 | എൽ.എഫ്.എം.(പി5)692/11 തീയതി 09.05.2011 |
| 2008-2009 | എൽ.എഫ്.എം.(പി5)693/11 തീയതി 27.04.2011 |
| 2004-05, 2010-11 2011-2012 | എൽ.എഫ്.എം.(പി8)1657/01 തീയതി 17.05.2013 |
| 2012-2013,2013-14 | എൽ.എഫ്.എം.(പി8)1904/14 തീയതി 12.02.2013 |
| 2014-15 | കെ.എസ്.എ.ഇ.കെ.എം(പി8).1265/16 തീയതി 1.08.16 |
| 2015-16 | കെ.എസ്.എ.ഇ.കെ.എം(പി8).157/17 തീയതി 31.01.17 |

അവശേഷിക്കുന്ന റിപ്പോർട്ടിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

.

# **1**

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.-ഇകെഎം(പി.8) 982/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
സിവിൽ സ്റ്റേഷൻ, കാക്കനാട് – 682030
ഫോൺ : 0484 – 2422271
ഇ-മെയിൽ : lfadekm@gmail.com

തീയതി : 15.06.2017

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 215, ഇവ അനുസരിച്ചും, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിങ്ങ് സ്റ്റാന്റേർഡുകൾ അവലംബിച്ചും എറണാകുളം ജില്ലയിലെ മഞ്ഞള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ മഞ്ഞള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

APPENDIX – I

## AUDIT CERTIFICATE

No.K.S.A.-EKM(P8) 982/2017

Kerala State Audit Department
District Audit Office, Ernakulam,
Civil Station, Kakkanad -682030
Phone : 0484 2422271,
E-mail : lfadekm@gmail.com
Dated: 15.06.2017

Certified that I have audited the Annual Financial Statement of Manjalloor Grama Panchayath in Ernakulam district for the year ended on 31.3.2017 in accordance with Section 4 of Kerala Local Fund Audit Act 1994, Section 215 of Kerala Panchayat Raj Act 1994, the rules made thereunder and the guidelines issued by Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of manjalloor Grama Panchayath for the year 2016-17 except the observations in my audit report properly presents the picture of income and expenditure.

Deputy Director